# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂൺ 12

# വാർത്താക്കുറിപ്പ്

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. പരീക്ഷയുടെ വിവിധ വിഷയങ്ങളുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന ജൂൺ 15, 16, 17 തീയതികളിൽ നടക്കും. അപേക്ഷകർ രാവിലെ 11നും വൈകീട്ട് മൂന്നിനും ഇടയിൽ സർവകലാശാല സിൽവർ ജൂബിലി പരീക്ഷഭവനിലെ ഫ്രണ്ട് ഓഫീസ് കം സിംഗിൾ വിൻഡോ സെക്ഷനിൽ (റൂം നമ്പർ 109) അസൽ തിരിച്ചറിയൽ രേഖകളുമായി എത്തണം. ഓരോ അപേക്ഷകരെയും ഹാജരാകേണ്ട തീയതിയും സമയവും ഇ.ജെ. 8 സെക്ഷനിൽ നിന്ന് മുൻകൂട്ടി നേരിട്ട് അറിയിക്കും. ഹാജരാകുന്ന വിദ്യാർഥികൾ കോവിഡ് 19 ആയി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം.

(പി.ആർ.ഒ/39/576/2020)

## പരീക്ഷഫലം

2020 ജനുവരിയിൽ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷനിൽ നടത്തിയ പിഎച്ച്.ഡി. കോഴ്സ് വർക്ക് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/577/2020)

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.എം. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 26 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/578/2020)

## തീയതി ദീർഘിപ്പിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ 2019-20 വർഷത്തെ എം.ഫിൽ പ്രവേശന നടപടികൾ പൂർത്തീകരിക്കാനുള്ള അവസാന തീയതി ജൂലൈ 30 വരെ ദീർഘിപ്പിച്ച് ഉത്തരവായി.

(പി.ആർ.ഒ/39/579/2020)

## മഹാത്മാഗാന്ധി സർവകലാശാല  രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ജൂൺ 23ന് ആരംഭിക്കാനിരുന്ന രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷകൾ മാറ്റിവച്ചതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അറിയിച്ചു. പുതുക്കിയ തീയതി പിന്നീട്. ജൂൺ 16 മുതൽ ആരംഭിക്കാനിരുന്ന നാലാം സെമസ്റ്റർ ബിരുദ പരീക്ഷകൾ ജൂൺ 23 മുതൽ ആരംഭിക്കുന്നതിന് പുതുക്കി നിശ്ചയിച്ചിരുന്നു. ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം എം.ഇ.എസ്. കോളേജ്, തൊടുപുഴ അൽ-അഷർ കോളേജ് എന്നീ രണ്ട് പുതിയ പരീക്ഷകേന്ദ്രങ്ങൾ കൂടി അനുവദിക്കും. പൊതുഗതാഗത സംവിധാനം പൂർണതോതിൽ പ്രവർത്തിച്ചുതുടങ്ങുന്നതുവരെ സർവകലാശാല പരിധിക്ക് പുറത്തുള്ള പരീക്ഷകേന്ദ്രങ്ങളിൽവച്ച് പരീക്ഷ നടത്തുന്നതിന് സർക്കാരിന്റെ അനുവാദം തേടും.

(പി.ആർ.ഒ/39/580/2020)

## എം.ബി.എ. പ്രവേശനം; ജൂൺ 30 വരെ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ എം.ബി.എ. പ്രോഗ്രാം പ്രവേശനത്തിന് ജൂൺ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് www.admission.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0481-2732288. ഇമെയിൽ: smbsmgu@yahoo.co.in

(പി.ആർ.ഒ/39/581/2020)

## നാമമാത്ര സീറ്റ് വർധന; കോളേജുകൾക്ക് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നടത്തുന്ന ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്ക് (നിയന്ത്രണ സമിതികൾ ഇല്ലാത്തവ)

2020-21 അധ്യയന വർഷത്തേക്ക് നാമമാത്ര സീറ്റ് വർധനവിന് കോളേജുകളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. നിശ്ചിത ഫീസടച്ച് അപേക്ഷകൾ സർവകലാശാലയുടെ www.admission.mgu.ac.in എന്ന വെബ്സൈറ്റിലൂടെ ജൂൺ 24നകം ഓൺലൈനായി സമർപ്പിക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/582/2020)

## രാജ്യത്തെ മികച്ച നൂറ് സർവകലാശാലകളിൽ 30-ാം സ്ഥാനത്ത് മഹാത്മാഗാന്ധി സർവകലാശാല

**- രാജ്യത്തെ മികച്ച 50 വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായി എം.ജി.**

രാജ്യത്തെ മികച്ച 100 സർവകലാശാലകളിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് 30-ാം സ്ഥാനം. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നാഷണൽ ഇൻസ്റ്റിറ്റിയൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ ഈ വർഷം എം.ജി. 50.93 പോയിന്റിലേക്ക് ഉയർന്നു. കേരളത്തിൽ നിന്ന് നാലു സർവകലാശാലകൾ മാത്രമാണ് ആദ്യ നൂറിനുള്ളിൽ ഇടം പിടിച്ചത്. 2019 ൽ എം.ജി.യുടെ സ്കോർ 48.08 ആയിരുന്നു. ഐ.ഐ.ടി.കൾ അടക്കം രാജ്യത്തെ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ കണക്കാക്കാനുള്ള ഓവറോൾ റാങ്കിങ്ങിൽ ആദ്യ 50 സ്ഥാപനങ്ങളിലൊന്നായി എം.ജി. 49 -ാം സ്ഥാനമാണുള്ളത്. കേരളത്തിൽ നിന്ന് എം.ജി.യടക്കം രണ്ട് സർവകലാശാലകൾ മാത്രമാണ് ഓവറോൾ റാങ്കിങ്ങിൽ ആദ്യ അൻപതിലെത്തിയത്. കേന്ദ്ര സർക്കാരിന്റെ സുപ്രധാന പ്രോജക്ടുകളും സഹായവും ലഭ്യമാകാൻ അപേക്ഷ നൽകാനുള്ള യോഗ്യത ആദ്യ 50 സ്ഥാനങ്ങളിലെത്തുന്ന സ്ഥാപനങ്ങൾക്കാണ്.

ഗവേഷകരടക്കമുള്ള വിദ്യാർഥികളുടെ എണ്ണം, സ്ഥിരാധ്യാപക-വിദ്യാർഥി അനുപാതം, ഡോക്ടറേറ്റ് നേടിയ അധ്യാപകരുടെ എണ്ണവും പ്രവൃത്തി പരിചയവും, മൊത്തം ബജറ്റും അതിന്റെ വിനിയോഗവും, പബ്ലിക്കേഷനുകളുടെ എണ്ണം, ഗുണനിലവാരം, പേറ്റന്റുകൾ, സ്പോൺസേർഡും അല്ലാത്തതുമായ പ്രൊജക്ടുകൾ, പ്രൊഫഷണൽ പ്രാക്ടീസ്, എക്സിക്യൂട്ടീവ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ജോലിക്കും ഉന്നത വിദ്യാഭ്യാസത്തിനുമുള്ള പ്ലെയ്സ്മെന്റുകൾ, സർവകലാശാല പരീക്ഷകൾക്കുള്ള മെട്രിക്സ്, മികച്ച സർവകലാശാലകളിൽ പ്രവേശനം നേടിയ ബിരുദ വിദ്യാർഥികളുടെ എണ്ണം, വിവിധ സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള വിദ്യാർഥികളുടെ എണ്ണം, വനിതകളുടെ എണ്ണം, സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളുടെ എണ്ണം, ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്കൊരുക്കിയ സൗകര്യങ്ങൾ, സംരംഭകത്വം തുടങ്ങി 21ഓളം ഘടകങ്ങളാണ് റാങ്കിംഗിനായി പരിഗണിച്ചത്.

രാജ്യത്തെ മികച്ച പത്ത് സർവകലാശാലകളിലൊന്നായി എം.ജി.യെ മാറ്റുകയാണ് ലക്ഷ്യമെന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സംസ്ഥാനത്തെ മികച്ച സർവകലാശാലയ്ക്ക് ഗവർണർ ഏർപ്പെടുത്തിയ 'ചാൻസലേഴ്സ് അവാർഡ്' 2015-16ലും 2017-18ലും എം.ജി. നേടിയിട്ടുണ്ട്. 2018ലെ ഇന്ത്യാടുഡേ എം.ഡി.ആർ.എ. റാങ്കിംഗിൽ രാജ്യത്തെ മികച്ച 11-ാമത്തെ സർവകലാശാലയായി എം.ജി. തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

(പി.ആർ.ഒ/39/583/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ